നം. കൈറ്റ്/2025/2404 (1) തീയതി : 01.11.2025

# സർക്കുലർ

**വിഷയം:- കൈറ്റ് - പൊതുവിദ്യാലയങ്ങളിലെ മികവുകളും മെച്ചപ്പെട്ട പ്രവർത്തനങ്ങളും പങ്കുവയ്ക്കുന്നതിനും മികച്ച മാതൃകകൾ മറ്റ് കുട്ടികൾക്കും പ്രയോജനപ്പെടുന്നതിനുമായി 'ഹരിതവിദ്യാലയം' വിദ്യാഭ്യാസ റിയോലിറ്റി ഷോയുടെ നാലാമത് എഡിഷൻ നടത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ മുന്നേറ്റത്തിനുതകുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെയും ഭാഗമായി കേരളത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. സുസജ്ജമായ ഭൗതിക സൗകര്യം ഒരുക്കുന്നതോടൊപ്പം ആധുനികവും കാര്യക്ഷമമവുമായ പഠനാന്തരീക്ഷവും ഇതിന്റെ ഭാഗമായി സ്കൂളുകളിൽ തയ്യാറായി. കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് ലഭ്യമായ സൗകര്യങ്ങൾ സ്കൂളുകൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. സ്കൂളുകളിൽ നടപ്പിലാക്കുന്ന ക്രിയാത്മകവും മാതൃകാപരവുമായ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകാനും അവ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഇതര വിദ്യാലയങ്ങളുമായി പങ്കുവയ്ക്കാനുമുള്ള അവസരം നൽകേണ്ടതുണ്ട്.

സ്കൂളുകൾ നടപ്പിലാക്കിയ സവിശേഷ പ്രവർത്തനങ്ങളും മികച്ച മാതൃകകളും മറ്റുള്ളവർക്കു കൂടി പ്രയോജനപ്പെടുന്ന വിധത്തിൽ പങ്കുവയ്ക്കുക എന്ന ലക്ഷ്യത്തോടെ 'ഹരിതവിദ്യാലയം' എന്ന പേരിൽ വിദ്യാഭ്യാസ റിയാലിറ്റിഷോ 2010, 2017, 2022 വർഷങ്ങളിൽ സംഘടിപ്പിക്കുകയും കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ അത് സംപ്രേഷണം നടത്തുകയും ചെയ്തിരുന്നു. അതിന്റെ തുടർച്ചയായി, 2023 ജൂൺ മുതൽ സ്കൂളുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി 'ഹരിതവിദ്യാലയം' റിയാലിറ്റിഷോയുടെ നാലാമത് എഡിഷൻ പൊതുവിദ്യാഭ്യാസ വകുപ്പിലെ മറ്റു സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടേക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സ്കൂളുകളുടെ പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യം, സാമൂഹ്യ പങ്കാളിത്തം, ഡിജിറ്റൽ വിദ്യാഭ്യാസം, ഐ.സി.ടി. അധിഷ്ഠിത പഠനം, നൂതനാശയ പ്രവർത്തനങ്ങൾ തുടങ്ങി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിന് സഹായകമായ എല്ലാ ഘടകങ്ങളും ഇതിന്റെ ഭാഗമായി വിലയിരുത്തും. അപേക്ഷ നൽകുന്ന സ്കൂളുകളിൽ നിന്ന് പ്രാഥമിക റൗണ്ടിലേയ്ക്ക് 100 സ്കൂളുകളേയും അതിൽ നിന്ന് അവസാന റൗണ്ടിലേയ്ക്ക് 10 സ്കൂളുകളേയും തെരഞ്ഞെടുക്കും. പരിപാടി കൈറ്റ് വിക്ടേഴ്സിലൂടെ 2025 ഡിസംബർ മുതൽ സംപ്രേഷണം ചെയ്യുന്നതാണ്. അവസാന റൗണ്ടിൽ എത്തുന്ന സ്കൂളുകൾക്ക് സംസ്ഥാനതലത്തിൽ നടക്കുന്ന

ഗ്രാന്റ് ഫിനാലെയിൽ പങ്കെടുക്കാൻ അവസരവും സംസ്ഥാന തലത്തിൽ പ്രത്യേക പുരസ്കാരവും നൽകുന്നതാണ്. 'ഹരിതവിദ്യാലയം' വിദ്യാഭ്യാസ റിയാലിറ്റിഷോയിൽ പങ്കെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കേരളത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ഈ പരിപാടിയിൽ പങ്കെടുക്കാം. ഇത്തവണ പ്രൈമറി സ്കൂളുകൾക്കും ഹൈസ്കൂൾ-ഹയർസെക്കന്ററി സ്കൂളുകൾക്കും പ്രത്യേകമായി റിയാലിറ്റിഷോയിൽ അപേക്ഷ നൽകാം. ഒരു സ്കൂൾ കോഡിൽ നിന്ന് ഒരു അപേക്ഷ മാത്രമേ നൽകാവൂ. ഹൈസ്കൂളിനോടൊപ്പമുള്ള പ്രൈമറി വിഭാഗം, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ എന്നിവർ ഹൈസ്കൂളിന്റെ കോഡ് ഉപയോഗിച്ച് ഹൈസ്കൂളിനോടൊപ്പമാണ് അപേക്ഷിക്കേണ്ടത്.

2. സ്കൂളുകളുടെ പഠന-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ, അടിസ്ഥാന സൗകര്യം, സൗകര്യങ്ങളുടെ ഫലപ്രദമായ ഉപയോഗം, സാമൂഹിക പങ്കാളിത്തം, ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസം, ഡിജിറ്റൽ വിദ്യാഭ്യാസം, ലഭിച്ച അംഗീകാരങ്ങൾ, നൂതനാശയ പ്രവർത്തനങ്ങൾ, മികച്ച മാതൃകകൾ തുടങ്ങിയവ വിലയിരുത്തിയാണ് സ്കൂളുകളെ തെരഞ്ഞെടുക്കുക. അതിനാൽ സ്കൂളുകൾ എല്ലാ മേഖലകളിലും നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അപേക്ഷയിൽ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്.

3. സ്കൂളുകൾ 'സമ്പൂർണ' യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് www.hv.kite.kerala.gov.in-ൽ 2025 നവംബർ 15-നകം അപേക്ഷ നൽകണം.

4. ഓൺലൈനിൽ അപേക്ഷിക്കുന്നതിനു മുമ്പ് അനുബന്ധമായി ചേർത്തിരിക്കുന്ന അപേക്ഷാഫോറത്തിന്റെ മാതൃക പ്രിന്റെടുത്ത് നിർദ്ദേശങ്ങൾക്കനുസരിച്ച് സ്കൂളിലെ ബന്ധപ്പെട്ട സമിതികളിൽ ചർച്ചചെയ്യേണ്ടതും ആവശ്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്കൂളിൽ സൂക്ഷിക്കേണ്ടതും സ്കൂളിലെ സമിതികളിൽ ചർച്ച ചെയ്യുന്നതിന്റെ മിനിറ്റ്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

5. ഓൺലൈൻ അപേക്ഷാ ഫോറത്തിൽ സ്കൂളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ സമ്പൂർണ പോർട്ടലിൽ നിന്നും സ്വമേധയാ ലഭ്യമാകുന്നതാണ്. അതിനാൽ സ്കൂൾ വിശദാംശങ്ങളിൽ എന്തെങ്കിലും തിരുത്തലുകൾ ആവശ്യമെങ്കിൽ സമ്പൂർണയിൽ മാറ്റം വരുത്തി അപ്ഡേറ്റ് ചെയ്തതിനു ശേഷം ഓൺലൈൻ അപേക്ഷാഫോറം പൂരിപ്പിക്കേണ്ടതാണ്.

6. ഓൺലൈൻ അപേക്ഷയിലെ വിശദീകരിക്കേണ്ട ഭാഗങ്ങൾ മലയാളം യൂണികോഡിൽ പൂരിപ്പിച്ച് നൽകേണ്ടതാണ്.

7. ഓൺലൈൻ അപേക്ഷയോടൊപ്പം **സ്കൂൾ പ്രവർത്തനം സംബന്ധിച്ച 3 മിനിറ്റിൽ കവിയാത്ത വീഡിയോയും pdf ഫോർമാറ്റിൽ പരമാവധി 25 സ്ലൈഡ് വരുന്ന പ്രസന്റേഷനും നിർബന്ധമായും നൽകേണ്ടതാണ്.** സ്കൂളിന്റെ മികവുകൾ വ്യക്തമാക്കുന്ന ചിത്രങ്ങൾ, പത്രവാർത്തകൾ, പഠനോല്പന്നങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയവയെല്ലാം ഉൾക്കൊള്ളിക്കാം. പ്രസന്റേഷനും വീഡിയോയും നൽകേണ്ട വിധം ഓൺലൈൻ അപേക്ഷ നൽകുന്ന പോർട്ടലിൽ തന്നെ വിശദീകരിച്ചിട്ടുണ്ട്. ആയത് പരിശോധിക്കേണ്ടതാണ്.

8. സ്കൂളുകൾ നൽകുന്ന അപേക്ഷയിൽ അവസാന തീയതിക്ക് മുമ്പ് എപ്പോൾ വേണമെങ്കിലും വിവരങ്ങൾ എഡിറ്റ് ചെയ്യാം. വിവരങ്ങൾ പൂർണമായി ഉൾപ്പെടുത്തിയ ശേഷം അവസാന തീയതിക്ക് മുമ്പായി Confirm ചെയ്യേണ്ടതാണ്. Confirm ചെയ്ത ശേഷം മാറ്റങ്ങൾ വരുത്താൻ കഴിയില്ല. അന്തിമമായി നൽകുന്ന അപേക്ഷയുടെ പ്രിന്റ് സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

9. അപേക്ഷയിലും പ്രസന്റേഷനിലും വീഡിയോയിലും നൽകുന്ന വിവരങ്ങൾ കൃത്യവും യഥാർത്ഥവുമാണെന്ന് പ്രഥമാധ്യാപകർ സാക്ഷ്യപ്പെടുത്തണം. അന്തിമമായി നൽകുന്ന അപേക്ഷാ ഫോമിന്റെ പ്രന്റ്ഔട്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഇടങ്ങളിൽ പി.ടി.എ ഭാരവാഹിയും വിദ്യാർത്ഥി പ്രതിനിധിയും ഒപ്പ് വച്ചിരിക്കണം. നൽകിയ വിവരങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന ഫയൽ തുടർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ കഴിയുന്ന വിധം പ്രഥമാധ്യാപകർ സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

10. തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തിയാൽ പ്രസ്തുത സ്കൂളിന് പരിപാടിയിൽ പങ്കെടുക്കുന്നതിന് അയോഗ്യത കല്പിക്കുന്നതാണ്. അതിനാൽ ശരിയായ വിവരം ഉൾപ്പെടുത്തുന്നതിന് പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11. സ്കൂളുകൾ നൽകുന്ന അപേക്ഷകൾ പ്രാഥമിക പരിശോധന നടത്തി ഒന്നാം റൗണ്ടിലേക്കും തുടർന്ന് നേരിട്ടുള്ള പരിശോധനയ്ക്ക് (റിയാലിറ്റി ചെക്ക്) ശേഷം അവസാന റൗണ്ടിലേയ്ക്കും പരിഗണിക്കും. ആദ്യ റൗണ്ടിലേക്ക് തെരഞ്ഞെടുക്കുന്ന ഓരോ സ്കൂളുകളിനും പരമാവധി 20,000/- രൂപ അനുവദിക്കുന്നതാണ്. പ്രസ്തുത തുക ചിത്രീകരണങ്ങൾ, യാത്രാക്കൂലി, താമസച്ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കും അവതരണത്തിനുള്ള ക്രമീകരണങ്ങൾക്കുമായി ഉപയോഗിക്കാവുന്നതാണ്.

12. പ്രാഥമിക റൗണ്ടിലേക്ക് തെരഞ്ഞെടുക്കുന്ന സ്കൂളുകളിൽ ഹരിതവിദ്യാലയം വിലയിരുത്തൽ സംഘം സന്ദർശനം നടത്തുന്നതാണ്. സ്കൂളിന്റെ പ്രവർത്തനങ്ങൾ പ്രത്യേക വീഡിയോ ഡോക്യുമെന്റേഷൻ നടത്തും (ഇതുസംബന്ധിച്ച കൂടുതൽ നിർദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കും).

13. കൈറ്റിൽ നിന്നുള്ള നിർദേശമനുസരിച്ച് തെരഞ്ഞെടുക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷാകർതൃസമിതി അംഗം എന്നിവരടങ്ങുന്ന ടീം കൈറ്റിന്റെ സ്റ്റുഡിയോയിൽ എത്തേണ്ടതാണ്.

14. ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റിഷോയുടെ നടപടിക്രമങ്ങൾ, വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങളിൽ ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും.

15. അറിയിപ്പുകൾ, പ്രോഗ്രാമിൽ പങ്കെടുക്കേണ്ട സ്കൂളുകൾക്കുള്ള നിർദേശങ്ങൾ, തെരഞ്ഞെടുക്കൽ വിവരങ്ങൾ, പരാതി–പരിഹാര സംവിധാനങ്ങൾ തുടങ്ങിയ കാര്യങ്ങൾ അതത് സമയങ്ങളിൽ https://hv.kite.kerala.gov.in–ൽ ഉൾപ്പെടുത്തും.

16. 'ഹരിതവിദ്യാലയം' റിയോലിറ്റിഷോയുടെ മുൻ സീസണുകളിലെ എപ്പിസോഡുകൾ https://hv.kite.kerala.gov.in–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾക്ക് ആയത് പരിശോധിക്കാവുന്നതാണ്.

17. അപേക്ഷ നൽകുന്നത് സംബന്ധിച്ച സംശയ നിവാരണത്തിന് കൈറ്റിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് (വിലാസം, ഫോൺ നമ്പർ എന്നിവ kite.kerala.gov.in–ൽ ലഭ്യമാണ്).

ഓരോ സ്കൂളിന്റെയും മികവുകളും മെച്ചപ്പെട്ട പ്രവർത്തനങ്ങളും പങ്കുവയ്ക്കപ്പെടുമ്പോൾ മികച്ച മാതൃകകളുടെ പ്രയോജനം മറ്റ് കുട്ടികൾക്കും ലഭ്യമാകും. അതിനാൽ, സമയബന്ധിതമായി കൃത്യവും സത്യസന്ധവുമായ വിവരം ഉൾപ്പെടുത്തി അപേക്ഷ നൽകുന്നതിന് എല്ലാ സ്കൂൾ പ്രധമാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രധമാധ്യാപകർക്കും
എല്ലാ എ.ഇ.ഒ/ഡി.ഇ.ഒ/ഡി.ഡി.ഇ/എ.ഡി (വി.എച്ച്.എസ്.ഇ)/
ആർ.ഡി.ഡി (എച്ച്.എസ്.ഇ.) മാർക്കും

പകർപ്പ്:

| | |
|---|---|
| പൊതുവിദ്യാഭ്യാസ ഡയറക്ടർ<br>ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.<br>ഡയറക്ടർ, എസ്.എസ്.കെ.<br>ഡയറക്ടർ, എസ്.ഐ.ഇ.ടി.<br>ഡയറക്ടർ, സീമാറ്റ്<br>ഡയറക്ടർ, എസ്.ആർ.സി. | അറിവിലേയ്ക്ക് |

# ഹരിത വിദ്യാലയം

## വിദ്യാഭ്യാസ റിയാലിറ്റി ഷോ

### നാലാമത് എഡിഷൻ

# സ്കൂളുകൾക്കുള്ള നിർദേശങ്ങൾ


GOVERNMENT OF KERALA
GENERAL EDUCATION DEPARTMENT

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)

പൂജപ്പുര, തിരുവനന്തപുരം - 12

# ഹരിതവിദ്യാലയം

(വിദ്യാഭ്യാസ റിയാലിറ്റി ഷോ – നാലാമത് എഡിഷൻ)

## സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ (Instructions)


ഹരിതവിദ്യാലയം വിദ്യാഭ്യാസ റിയാലിറ്റി ഷോയിൽ പങ്കെടുക്കുന്ന സ്കൂളുകൾ ഓൺലൈൻ അപ്ലിക്കേഷൻ ഫോം പൂരിപ്പിക്കുന്നതിനു മുമ്പ് താഴെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും വായിച്ചിരിക്കണം. ഓൺലൈൻ ഫോമിലെ ഓരോഭാഗവും പൂരിപ്പിക്കേണ്ട വിധം താഴെ നൽകിയിരിക്കുന്നു.

### 1. സ്കൂൾ – അടിസ്ഥാന വിവരങ്ങൾ

- ഈ ഭാഗത്തെ ഉള്ളടക്കം പൂരിപ്പിക്കേണ്ടതില്ല. സമ്പൂർണയിലെ സ്കൂളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ടാകും.
- എന്നാൽ, **ഹരിതവിദ്യാലയം റിയാലിറ്റി ഷോയുടെ അപ്ലിക്കേഷൻ പൂരിപ്പിക്കുന്നതിനു മുമ്പ് സമ്പൂർണ പോർട്ടലിലെ വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തി അപ്ഡേറ്റ് ചെയ്യണം.**

### 2. ഗുണനിലവാരമുള്ള പഠനം

- ഇതിൽ മൂന്നു ചോദ്യങ്ങളുണ്ടാകും. ഓരോ ചോദ്യത്തോടൊപ്പവും പ്രതീക്ഷിക്കുന്ന അഞ്ച് പ്രതികരണങ്ങളും (Options) ഉണ്ടാകും. ഓപ്ഷനുകളിൽ നിന്ന് സ്കൂളിന്റെ സാഹചര്യത്തിനനുസരിച്ചത് മാത്രം സെലക്ട് ചെയ്യുക. ഇതിലെ **ഒരു ഓപ്ഷൻ മാത്രമാണ് സെലക്ട് ചെയ്യാൻ കഴിയുക.**





- മൂന്നാമത്തെ ചോദ്യത്തിനു ശേഷം ഒരു ടെക്സ്റ്റ് ബോക്സ് നൽകിയിട്ടുണ്ട്. ഗുണനിലവാരമുള്ള പഠനം ഉറപ്പുവരുത്താൻ തനതായ എന്തെങ്കിലും പ്രവർത്തനങ്ങൾ സ്കൂൾ നടത്തിയിട്ടുണ്ടെങ്കിൽ അതെല്ലാം ഇവിടെ രേഖപ്പെടുത്താം.

### 3. പശ്ചാത്തല സൗകര്യം

- ഇതിൽ നാല് ചോദ്യങ്ങൾ നൽകിയിട്ടുണ്ട്. ഓരോ ചോദ്യത്തോടൊപ്പവും പ്രതീക്ഷിക്കുന്ന അഞ്ച് പ്രതികരണങ്ങളും (Options) ഉണ്ടാകും. ഓപ്ഷനുകളിൽ നിന്ന് സ്കൂളിന്റെ സാഹചര്യത്തിനനുസരിച്ചത് മാത്രം സെലക്ട് ചെയ്യുക. **ഒരു ഓപ്ഷൻ മാത്രമാണ് സെലക്ട് ചെയ്യാൻ കഴിയുക.**
- നാലാമത്തെ ചോദ്യത്തിനു ശേഷം ഒരു ടെക്സ്റ്റ് ബോക്സ് നൽകിയിട്ടുണ്ട്. സ്കൂളിലെ പശ്ചാത്തല സൗകര്യം മികച്ചതാക്കുന്നതിനു വേണ്ടി ചെയ്ത കൂടുതൽ കാര്യങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ ഇവിടെ രേഖപ്പെടുത്താം.

### 4. പഠന പുരോഗതിയും പിന്തുണയും

- ഇതിൽ മൂന്നു ചോദ്യങ്ങളുണ്ടാകും. ആദ്യത്തെ രണ്ട് ചോദ്യത്തോടൊപ്പവും പ്രതീക്ഷിക്കുന്ന അഞ്ച് പ്രതികരണങ്ങളും (Options) ഉണ്ടാകും. ഓപ്ഷനുകളിൽ നിന്ന് സ്കൂളിന്റെ സാഹചര്യത്തിനനുസരിച്ചത് മാത്രം സെലക്ട് ചെയ്യുക. ഒരു ഓപ്ഷൻ മാത്രമാണ് സെലക്ട് ചെയ്യാൻ കഴിയുക.
- മൂന്നാമത്തെ ചോദ്യം ആദ്യ രണ്ട് ചേദ്യങ്ങളിൽ നിന്നും വ്യത്യസ്തമാണ്. ഇവിടെ പ്രതികരണമായി അഞ്ച് വസ്തുതകൾ നൽകിയിട്ടുണ്ടാകും. ഇതിൽ നിന്നും സ്കൂളിന്റെ സഹാചര്യവുമായി താരതമ്യം ചെയ്ത് ശേഷം ശരിയായ വസ്തുതകളെല്ലാം (Multi Select) സെലക്ട് ചെയ്യാൻ കഴിയും.


III വൈകാരികവും ഭൗതികവുമായ സുരക്ഷിതത്വം എല്ലാവർക്കുമുള്ള പരിഗണന (ആവശ്യമായത് മാത്രം ടിക്ക് ചെയ്യുക)

| # | ITEM |
|---|---|
| a) | കുട്ടികൾക്ക് വൈകാരികമായ സുരക്ഷിതത്വബോധം നൽകാൻ ആവശ്യമായ കൗൺസിലിങ്ങ് സംവിധാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. |
| b) | ഭൗതിക അന്തരീക്ഷം സുരക്ഷിതമാണ്. ഭിന്ന ശേഷി കുട്ടികൾക്ക് റാമ്പ് ഉൾപ്പെടെ ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ സൂക്ഷിച്ചിട്ടുണ്ട്. |
| c) | ദുരന്തനിവാരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രായോഗിക ധാരണ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ സൂക്ഷിച്ചിട്ടുണ്ട്. |
| d) | വിവേചനങ്ങളില്ലാതെ എല്ലാവിഭാഗം കുട്ടികളെയും ഉൾക്കൊള്ളാൻ വിദ്യാലയത്തിനാകുന്നുണ്ട്. |
| e) | മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളെല്ലാം എല്ലാ കുട്ടികളിലും എത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

പഠനപുരോഗതി വിലയിരുത്തൽ, പന്തുണ ഇതുമായി ബന്ധപ്പെടുത്തി നടത്തിയ തനതു പ്രവർത്തനങ്ങൾ ഇവിടെ രേഖപ്പെടുത്താം.


- മൂന്നാമത്തെ ചോദ്യത്തിനു ശേഷം ഒരു ടെക്സ്റ്റ് ബോക്സ് നൽകിയിട്ടുണ്ട്. പഠനപുരോഗതി വിലയിരുത്തൽ, പന്തുണ തുടങ്ങിയവയുമായി ബന്ധപ്പെട്ട് സ്കൂളിൽ നടത്തിയ തനതു പ്രവർത്തനങ്ങൾ ഇവിടെ രേഖപ്പെടുത്താം.

### 5. ഐസിടി അധിഷ്ഠിത പ്രവർത്തനങ്ങൾ

- ഇവിടെ രണ്ടു ചോദ്യങ്ങൾ ഉണ്ടാകും. രണ്ടും മൾട്ടിപ്പിൾ സെലക്ഷൻ ചോദ്യങ്ങളാണ്. സ്കൂളുമായി താരതമ്യം ചെയ്ത് ശരിയായ വസ്തുതകളെല്ലാം സെലക്ട് ചെയ്യാം.
- രണ്ടാമത്തെ ചോദ്യത്തിനു ശേഷം ഒരു ടെക്സ്റ്റ് ബോക്സ് നൽകിയിട്ടുണ്ട്. സ്കൂൾ സംഘടിപ്പിച്ച പ്രത്യേക ശ്രദ്ധ നേടിയ ഐസിടി അനുബന്ധപ്രവർത്തനങ്ങൾ ഇവിടെ രേഖപ്പെടുത്തുക.

### 6. സ്കൂൾ നേതൃത്വവും ഭരണവും

- ഇവിടെ രണ്ടു ചോദ്യങ്ങൾ ഉണ്ടാകും. രണ്ടും മൾട്ടിപ്പിൾ സെലക്ഷൻ ചോദ്യങ്ങളാണ്. സ്കൂളുമായി താരതമ്യം ചെയ്ത് ശരിയായ വസ്തുതകളെല്ലാം സെലക്ട് ചെയ്യാം.
- രണ്ടാമത്തെ ചോദ്യത്തിനു ശേഷം ഒരു ടെക്സ്റ്റ് ബോക്സ് നൽകിയിട്ടുണ്ട്. അധ്യാപകരുടെ തൊഴിൽ പരമായ വികാസം ഉറപ്പു വരുത്തുന്നതിന് സ്വികരിച്ച തനതു മാർഗ്ഗങ്ങൾ ഇവിടെ ചേർക്കാം. അധ്യാപകർ വികസിപ്പിച്ച നവീന ആശയങ്ങളും ഉൾപെടുത്താം.

### 7. വിജ്ഞാന സമൂഹം

- ഇവിടെ മൂന്നു ചോദ്യങ്ങൾ ഉണ്ടാകും. എല്ലാം മൾട്ടിപ്പിൾ സെലക്ഷൻ ചോദ്യങ്ങളാണ്. സ്കൂളുമായി താരതമ്യം ചെയ്ത് ശരിയായ വസ്തുതകളെല്ലാം സെലക്ട് ചെയ്യാം.

### 8. അംഗീകാരങ്ങൾ

- സംസ്ഥാന തലത്തിൽ സർക്കാർ അല്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന അവാർഡുകളിൽ സ്കൂൾ ആദ്യ മൂന്ന് സ്ഥാനങ്ങളിൽ എത്തിയിട്ടുണ്ടെങ്കിൽ ഇവിടെ രേഖപ്പെടുത്തണം (ഉദാഹരണം: സംസ്ഥാന കലോത്സവം, കായികമേള, ശാസ്ത്രോത്സവം, ലിറ്റിൽ കൈറ്റ്സ്, NSS, SPC, സ്കൂൾ വിക്കി, കരിയർ ഗൈഡൻസ് തുടങ്ങിയവ)
- സംസ്ഥാന തലത്തിലും ജില്ലാതലത്തിലും പരമാവധി മൂന്നെണ്ണവും സബ്ജില്ലാ തലത്തിൽ പരമാവധി അഞ്ചെണ്ണവും രേഖപ്പെടുത്താം. ബന്ധപ്പെട്ട രേഖകൾ ഡ്രൈവിൽ അപ്‌ലോഡ് ചെയ്തശേഷം, ഇതിന്റെ ഡ്രൈവ് ലിങ്ക് ഓൺലൈൻ അപേക്ഷാഫോമിലെ നിർദ്ദേശിക്കപ്പെട്ട ഭാഗത്ത് നിർബന്ധമായും ചേർക്കണം.
- പ്രൈമറി വിഭാഗം (സ്കോളർഷിപ്പ്) – UP യിലേയും LP യിലേയും ചേർത്താണ് പരിഗണിക്കുക. രണ്ടിന്റെയും തുക രേഖപ്പെടുത്തണം. പ്രൈമറി സ്കൂളുകളുടെ അപ്ലിക്കേഷൻ ഫോമിൽ മാത്രമാണ് ഈ ഓപ്ഷൻ ലഭ്യമാകുക.
- HS/HSS (റിസൾട്ട്) – ഇവിടെ ഹയർസെക്കണ്ടറി തലത്തിലെയും ഹൈസ്കൂൾ തലത്തിലെയും റിസൾട്ട് രേഖപ്പെടുത്തേണ്ടതുണ്ട്. HS/HSS വിഭാഗത്തിന്റെ അപ്ലിക്കേഷൻ ഫോമിൽ മാത്രമാണ് ഈ ഓപ്ഷൻ ലഭ്യമാകുക.

### 9. വീഡിയോയും പ്രസന്റേഷനും

- **പ്രസന്റേഷൻ**
  - ഹരിതവിദ്യാലയം പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനു തക്കതായ എന്തെല്ലാം മേന്മകളാണ് സ്കൂളിനുള്ളത്. **മുകളിൽ നൽകിയ വിവരങ്ങളെ അടിസ്ഥാനമാക്കി** ഒരു പ്രസന്റേഷൻ തയാറാക്കി അപ്‌ലോഡ് ചെയ്യുക. (പരമാവധി 25 സ്ലൈഡുകൾ)
  - പ്രസന്റേഷൻ ഡ്രൈവിലാണ് അപ്‌ലോഡ് ചെയ്യേണ്ടത്. **ഡ്രൈവ് ലിങ്ക്** അപ്ലിക്കേഷൻ ഫോമിലെ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് ഉൾപ്പെടുത്തി അപ്‌ലോഡ് ചെയ്യണം. ലിങ്കിലെ ലോക്കേഷന് **പബ്ലിക് ആക്സസ്** ഉണ്ടായിരിക്കണം.

- **വീഡിയോ**
  - സ്കൂളുകൾ നടത്തിയ പ്രവർത്തനങ്ങൾ ബോധ്യമാകുന്ന തരത്തിൽ നിർദ്ദിഷ്ട മാതൃകയിലാണ് വീഡിയോ തയാറാക്കേണ്ടത്.
  - വീഡിയോയുടെ സമയദൈർഘ്യം പരമാവധി മൂന്ന് മിനുട്ടും Full HD (1920 × 1080) അല്ലെങ്കിൽ Half HD (1280 × 720) യിൽ mp4 ഫോർമാറ്റിലുമായിരിക്കണം
  - വീഡിയോയുടെ ഫയൽ നാമം schoolcode_2025.mp4 എന്ന മാതൃകയിലായിരിക്കണം. (ഉദാ:- 48064 എന്ന കോഡിലുള്ള സ്കൂളിന്റെ വീഡിയോ ഫയൽനാമം 48064_2025.mp4 എന്നായിരിക്കും)
  - വിഡിയോ ഡ്രൈവിലാണ് അപ്‌ലോഡ് ചെയ്യേണ്ടത്. **ഡ്രൈവ് ലിങ്ക്** അപ്ലിക്കേഷൻ ഫോമിലെ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് ഉൾപ്പെടുത്തി അപ്‌ലോഡ് ചെയ്യണം. ലിങ്കിലെ ലോക്കേഷന് **പബ്ലിക് ആക്സസ്** ഉണ്ടായിരിക്കണം.

# ഹരിതവിദ്യാലയം റിയാലിറ്റി ഷോ – 2025
## അപ്ലിക്കേഷൻ ഫോം – മാതൃക

ഓൺലൈൻ അപ്ലിക്കേഷൻ ഫോം പൂരിപ്പിക്കുന്നതിനുമുമ്പ്, മാതൃകാഫോം ബന്ധപ്പെട്ട കമ്മറ്റികളിൽ ചർച്ച ചെയ്ത് പൂരിപ്പിക്കുക. അനുബന്ധമായി നൽകിയിരിക്കുന്ന INSTRUCTIONS വായിക്കുക. ഇത് സ്കൂൾ രേഖയായി സൂക്ഷിക്കുകയും വേണം. നൽകിയ വിവരങ്ങളിൽ വസ്തുതാപരമായ എന്തെങ്കിലും തെറ്റുകൾ പിന്നീട് കണ്ടെത്തുകയാണെങ്കിൽ സ്കൂളിനെ DISQUALIFY ചെയ്യുന്നതാണ്.

### I. സ്കൂൾ – അടിസ്ഥാന വിവരങ്ങൾ (സമ്പൂർണ്ണ പോർട്ടലിൽ ലഭ്യമായത്).

School Code: ________ School Name: __________________________________ (LP/UP/HS/HSS)

School Address: ___________________________________(Govt./Aided/), Phone: ______________

Email: __________________________________________ , (Panchayath/Municipality/Corporation)

SubDistrict: ________________, Rev.District: _________________, District: __________________

### II. ഗുണനിലവാരമുള്ള പഠനപ്രക്രിയ ഉറപ്പുവരുത്തുന്നതിൽ സ്കൂൾ എവിടെ നിൽക്കുന്നു?

| No | Item | |
|---|---|---|
| 1 | **ഫലപ്രദമായ രീതിയിൽ പാഠാസൂത്രണവും പഠനപ്രവർത്തനങ്ങളും നടത്തുന്നു. രേഖപ്പെടുത്തുന്നു.** | |
| a | എല്ലാ അധ്യാപകരും ഫലപ്രദമായ രീതിയിൽ പാഠാസൂത്രണം നടത്തി അതിനനുസരിച്ച പഠന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. എല്ലാവരും റിഫ്ലക്ഷൻസ് ഉൾപ്പെടെ സമഗ്രയിൽ രേഖപ്പെടുത്തുന്നു. പ്രഥമാധ്യാപകർ വെരിഫൈ ചെയ്യുന്നു. | |
| b | എല്ലാ അധ്യാപകരും ഫലപ്രദമായ രീതിയിൽ പാഠാസൂത്രണം നടത്തി അതിനനുസരിച്ച പഠന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. എല്ലാവരും സമഗ്രയിൽ രേഖപ്പെടുത്തുന്നു. റിഫ്ലക്ഷൻ രേഖപ്പെടുത്തൽ, പ്രഥമാധ്യാപകരുടെ പരിശോധന എന്നിവ ഭാഗികം. | |
| c | എല്ലാ അധ്യാപകരും ഫലപ്രദമായ രീതിയിൽ പാഠാസൂത്രണം നടത്തി അതിനനുസരിച്ച പഠന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. എന്നാൽ ഭാഗികമായി മാത്രം സമഗ്രയിൽ രേഖപ്പെടുത്തുന്നു. സ്വാഭാവികമായും റിഫ്ലക്ഷൻ രേഖപ്പെടുത്തൽ, പ്രഥമാധ്യാപകരുടെ പരിശോധന എന്നിവ പൂർത്തിയാക്കാൻ കഴിയുന്നില്ല. | |
| d | എല്ലാ അധ്യാപകരും ഫലപ്രദമായ രീതിയിൽ പാഠാസൂത്രണം നടത്തി അതിനനുസരിച്ച പഠന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു. എന്നാൽ സമഗ്രയിൽ രേഖപ്പെടുത്തൽ, പ്രഥമാധ്യാപകരുടെ പരിശോധന എന്നിവ നടക്കുന്നില്ല. | |
| e | എല്ലാ അധ്യാപകരും ഫലപ്രദമായ രീതിയിൽ പാഠാസൂത്രണം നടത്തുന്നുവെങ്കിലും ക്ലാസ്റൂം പ്രവർത്തനങ്ങളും മറ്റും പൂർണ്ണമായും അതിനനുസരിച്ച് നടത്താൻ കഴിയുന്നില്ല. | |
| 2 | **ടീച്ചർ ശാക്തീകരണ പരിപാടിയിലെ പങ്കാളിത്തം** | |
| a | എസ്.എസ്.കെ, കൈറ്റ് തുടങ്ങിയ ഏജൻസികൾ ഇതു വരെ നടത്തിയ ശാക്തീകരണ പരിപാടികളിലെല്ലാം പങ്കെടുത്തിട്ടുണ്ട്. എല്ലാ അധ്യാപകരെയും പങ്കെടുപ്പിച്ചിട്ടുമുണ്ട്. | |
| b | എസ്.എസ്.കെ, കൈറ്റ് തുടങ്ങിയ ഏജൻസികൾ ഇതു വരെ നടത്തിയ ശാക്തീകരണ പരിപാടികളിലെല്ലാം പങ്കെടുത്തിട്ടുണ്ട്. 50% ത്തിനു മുകളിൽ അധ്യാപകരെ പങ്കെടുപ്പിച്ചിട്ടുണ്ട്. | |
| c | എസ്.എസ്.കെ, കൈറ്റ് തുടങ്ങിയ ഏജൻസികൾ ഇതുവരെ നടത്തിയ ശാക്തീകരണ പരിപാടി കളിലെല്ലാം പങ്കെടുത്തിട്ടുണ്ട്. 50% ത്തിനു താഴെ അധ്യാപകരെ മാത്രമാണ് പങ്കെടുപ്പിച്ചത്. | |
| d | എസ്.എസ്.കെ, കൈറ്റ് തുടങ്ങിയ ഏജൻസികൾ ഇതുവരെ നടത്തിയ ശാക്തീകരണ പരിപാടി കളിൽ ഭാഗികമായി പങ്കെടുത്തിട്ടുണ്ട്. | |
| e | അക്കാദമിക പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലും സാങ്കേതിക വിദ്യാ പരിശീലനം ലഭിച്ചിട്ടില്ല. | |

| | | |
|---|---|---|
| 3 | **എസ്.ആർ.ജി മീറ്റിംഗുകളും ആസൂത്രണത്തോടെയുള്ള സംഘാടനവും** | |
| a | എസ്.ആർ.ജി മീറ്റിംഗുകൾ ഒരു മാസത്തിൽ നാലോ അതിൽ കൂടുതൽ തവണയോ ചേരുന്നുണ്ട്. എസ്.ആർ.ജി തീരുമാനങ്ങൾക്കനുസരിച്ച തന്നെ പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തോടെയുള്ള സംഘാടനം സാധ്യാമാക്കാറുണ്ട്. ഇവയെല്ലാം സമഗ്രയിൽ രേഖപ്പെടുത്താറുമുണ്ട്. | |
| b | എസ്.ആർ.ജി മീറ്റിംഗുകൾ ഒരു മാസത്തിൽ നാലോ അതിൽ കൂടുതൽ തവണയോ ചേരുന്നുണ്ട്. എസ്.ആർ.ജി തീരുമാനങ്ങൾക്കനുസരിച്ച തന്നെ പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തോടെയുള്ള സംഘാടനം സാധ്യാമാക്കാറുണ്ട്. സമഗ്രയിലെ രേഖപ്പെടുത്തൽ ഭാഗികമാണ്. | |
| c | എസ്.ആർ.ജി മീറ്റിംഗുകൾ ഒരു മാസത്തിൽ നാലോ അതിൽ കൂടുതൽ തവണയോ ചേരുന്നുണ്ട്. എസ്.ആർ.ജി തീരുമാനങ്ങൾക്കനുസരിച്ച തന്നെ പഠന പ്രവർത്തനങ്ങളുടെ ആസൂത്രണത്തോടെയുള്ള സംഘാടനം പൂർണ്ണമായും സാധിക്കാറില്ല. അതു കൊണ്ടു തന്നെ സമഗ്രയിലെ രേഖപ്പെടുത്തൽ ഭാഗികമാണ്. | |
| d | ഒരു മാസത്തിൽ രണ്ടോ മൂന്നോ തവണ എസ്.ആർ.ജി മീറ്റിംഗുകൾ നടത്തി ബന്ധപ്പെട്ട രേഖപ്പെടുത്തലുകളെല്ലാം നടത്തുന്നു. | |
| e | മാസത്തിൽ ഒരു തവണ എസ്.ആർ.ജി മീറ്റിംഗ് നടത്തുന്നു. ബന്ധപ്പെട്ട രേഖപ്പെടുത്തൽ നടത്തുന്നു. | |

ഗുണനിലവാരമുള്ള പഠനം ഉറപ്പുവരുത്താൻ തനതായ എന്തെങ്കിലും പ്രവർത്തനങ്ങൾ സ്കൂൾ നടത്തിയിട്ടുണ്ടെങ്കിൽ ഇവിടെ രേഖപ്പെടുത്താം.

| |
|---|
| |

## III. പശ്ചാത്തല സൗകര്യം ലഭ്യമാക്കുന്നതിൽ സ്കൂൾ എവിടെ നിൽക്കുന്നു?

| No | Item | |
|---|---|---|
| 1 | **സ്കൂൾ കെട്ടിടം, ഹൈ-ടെക് ക്ലാസ്സ്മുറികൾ, ലൈബ്രറി, വായനാമുറി, പുസ്തകങ്ങൾ** | |
| a | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസുകളുണ്ട്. ഹൈ-ടെക് ക്ലാസ്സ്മുറികൾ, ലൈബ്രറി, വായനാമുറി, പുസ്തകങ്ങൾ എന്നിവയെല്ലാം കാര്യക്ഷമതയോടെ ഉപയോഗിക്കുന്നു. | |
| b | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസുകളുണ്ട്. പ്രവർത്തനക്ഷമമായ ഹൈ-ടെക് ക്ലാസ്സ്മുറികൾ, ലൈബ്രറി, വായനാമുറി, അവശ്യ പുസ്തകങ്ങൾ എന്നിവയിൽ ഏതെങ്കിലും **മൂന്നെണ്ണമെങ്കിലും** കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു. | |
| c | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസുകളുണ്ട്. പ്രവർത്തനക്ഷമമായ ഹൈ-ടെക് ക്ലാസ്സ്മുറികൾ, ലൈബ്രറി, വായനാമുറി, അവശ്യ പുസ്തകങ്ങൾ എന്നിവയിൽ **രണ്ടെണ്ണമെങ്കിലും** കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു. | |
| d | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസുകളുണ്ട്. പ്രവർത്തനക്ഷമമായ ഹൈ-ടെക് ക്ലാസ്സ്മുറികൾ, ലൈബ്രറി കം വായനാമുറി, അവശ്യ പുസ്തകങ്ങൾ എന്നിവയിൽ **ഒന്നു** മാത്രം കാര്യകഷമമയി പ്രവർത്തിക്കുന്നു. | |
| e | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ക്ലാസുകളുണ്ട്. മറ്റൊന്നും കാര്യക്ഷമമല്ല. | |
| 2 | **ലാബുകൾ** | |
| a | സയൻസ് ലാബ്, ഗണിത ലാബ്, ഐടി ലാബുകൾക്ക് പുറമെ ജൈവ വൈവിധ്യ പാർക്കും ടാലന്റ് ലാബും ഉണ്ട്. | |
| b | സയൻസ് ലാബ്, ഗണിത ലാബ്, ഐടി ലാബ്, ജൈവ വൈവിധ്യ പാർക്, ടാലന്റ് ലാബ് – ഇതിൽ **നാലും** ഉണ്ട്. | |
| c | സയൻസ് ലാബ്, ഗണിത ലാബ്, ഐടി ലാബ്, ജൈവ വൈവിധ്യ പാർക്, ടാലന്റ് ലാബ് – ഇതിൽ **മൂന്നും** ഉണ്ട്. | |
| d | സയൻസ് ലാബ്, ഗണിത ലാബ്, ഐടി ലാബ്, ജൈവ വൈവിധ്യ പാർക്, ടാലന്റ് ലാബ് – ഇതിൽ **രണ്ടും** ഉണ്ട്. | |
| e | സയൻസ് ലാബ്, ഗണിത ലാബ്, ഐടി ലാബ്, ജൈവ വൈവിധ്യ പാർക്, ടാലന്റ് ലാബ് – ഇതിൽ **ഒന്നു** മാത്രമാണ് ഉള്ളത്. | |

| No | Item | |
|---|---|---|
| 3 | **വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് ലഭ്യത, വൃത്തിയുള്ള ശുചിമുറികൾ** | |
| a | വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് ലഭ്യത, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ശുചിമുറികൾ, മാലിന്യസംസ്കരണ സംവിധാനം എന്നിവയുണ്ട്. ഇവയെല്ലാം തടസ്സമില്ലാതെ ലഭ്യമാക്കാൻ കഴിയുന്നു. | |
| b | വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് ലഭ്യത, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ശുചിമുറികൾ, മാലിന്യ സംസ്കരണ സംവിധാനം എന്നിവയിൽ **നാലെണ്ണമെങ്കിലും** ലഭ്യമാക്കിയിരിക്കുന്നു. | |
| c | വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് ലഭ്യത, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ശുചിമുറികൾ, മാലിന്യസംസ്കരണ സംവിധാനം എന്നിവയിൽ **മൂന്നെണ്ണമെങ്കിലും** കൃത്യമായി ലഭ്യമാക്കിയിട്ടുണ്ട്. | |
| d | വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് ലഭ്യത, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ശുചിമുറികൾ, മാലിന്യസംസ്കരണ സംവിധാനം എന്നിവയിൽ **രണ്ടെണ്ണമെങ്കിലും** കൃത്യമായി ലഭ്യമാക്കിയിട്ടുണ്ട്. | |
| e | വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് ലഭ്യത, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ശുചിമുറികൾ, മാലിന്യസംസ്കരണ സംവിധാനം എന്നിവയിൽ **ഒരെണ്ണമെങ്കിലും** കൃത്യമായി ലഭ്യമാക്കിയിട്ടുണ്ട്. | |
| 4 | **കളിസ്ഥലവും കലാ–കായിക പരിശീലനത്തിനുള്ള ഉപകരണങ്ങളും ചിട്ടയായ പരിശീലനവും** | |
| a | കളിസ്ഥലം, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ, കലാ പരിശീലത്തിനുള്ള ഉപകരണങ്ങൾ, കല അവതരിപ്പിക്കുന്നതിനുള്ള വേദികൾ, പ്രത്യേകം പരിശീലകർ എന്നിവയുണ്ട്. | |
| b | കളിസ്ഥലം, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ, കലാ പരിശീലത്തിനുള്ള ഉപകരണങ്ങൾ, കല അവതരിപ്പിക്കുന്നതിനുള്ള വേദികൾ, പ്രത്യേകം പരിശീലകർ – ഇതിൽ **നാലും** ഉറപ്പു വരുത്തിയിട്ടുണ്ട്. | |
| c | കളിസ്ഥലം, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ, കലാ പരിശീലത്തിനുള്ള ഉപകരണങ്ങൾ, കല അവതരിപ്പിക്കുന്നതിനുള്ള വേദികൾ, പ്രത്യേകം പരിശീലകർ – ഇതിൽ **മൂന്നും** ഉറപ്പു വരുത്തിയിട്ടുണ്ട്. | |
| d | കളിസ്ഥലം, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ, കലാ പരിശീലത്തിനുള്ള ഉപകരണങ്ങൾ, കല അവതരിപ്പിക്കുന്നതിനുള്ള വേദികൾ, പ്രത്യേകം പരിശീലകർ – ഇതിൽ **രണ്ടെണ്ണമെങ്കിലും** ഉറപ്പു വരുത്തിയിട്ടുണ്ട്. | |
| e | കളിസ്ഥലം, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ, കലാ പരിശീലത്തിനുള്ള ഉപകരണങ്ങൾ, കല അവതരിപ്പിക്കുന്നതിനുള്ള വേദികൾ, പ്രത്യേകം പരിശീലകർ ഇതിൽ **ഒന്നു** മാത്രമാണ് ഉറപ്പു വരുത്തിയിട്ടുള്ളത്. | |

സ്കൂൾ പശ്ചാത്തല സൗകര്യം – കൂടുതൽ കാര്യങ്ങൾ താഴെ രേഖപ്പെടുത്താം.

| |
|---|
| |

## IV. പഠനവും വികാസവും – പുരോഗതി വിലയിരുത്തൽ, മെച്ചപ്പെടുത്തൽ, പിന്തുണ.

| No | Item | |
|---|---|---|
| 1 | **സ്റ്റുഡന്റ് പ്രൊഫൈലിംഗ്** | |
| a | എല്ലാ കുട്ടികളുടെയും Student Profile കൃത്യമായി സൂക്ഷിക്കുന്നു. പ്രൊഫൈലിൽ കുട്ടികളുടെ ക്ലാസ്സ് ഡയറി, പ്രവർത്തന റിപ്പോർട്ടുകൾ, പ്രോഗ്രസ് റിപ്പോർട്ടുകൾ തുടങ്ങിയവ രേഖപ്പെടുത്താറുണ്ട്. ഇവയെല്ലാം വിലയിരുത്താറുമുണ്ട്. | |
| b | എല്ലാ കുട്ടികളുടെയും Student Profile സൂക്ഷിക്കാറുണ്ട്. പ്രൊഫൈലിൽ കുട്ടികളുടെ ക്ലാസ്സ് ഡയറി, പ്രവർത്തന റിപ്പോർട്ടുകൾ, പ്രോഗ്രസ് റിപ്പോർട്ടുകൾ തുടങ്ങിയവ രേഖപ്പെടുത്താറുണ്ട്. ഇവയിൽ ഭൂരിഭാഗവും വിലയിരുത്താറുണ്ട്. | |
| c | എല്ലാ കുട്ടികളുടെയും Student Profile സൂക്ഷിക്കാറുണ്ട്. പ്രൊഫൈലിൽ കുട്ടികളുടെ ക്ലാസ്സ് ഡയറി, പ്രവർത്തന റിപ്പോർട്ടുകൾ, പ്രോഗ്രസ് റിപ്പോർട്ടുകൾ എന്നിവയിൽ ഏതെങ്കിലും **രണ്ടെണ്ണമെങ്കിലും** രേഖപ്പെടുത്താറുണ്ട്. അതിനാൽ വിലയിരുത്തൽ പൂർണ്ണമല്ല. | |
| d | എല്ലാ കുട്ടികളുടെയും Student Profile സൂക്ഷിക്കാറുണ്ട്. പ്രൊഫൈലിൽ കുട്ടികളുടെ ക്ലാസ്സ് ഡയറി, പ്രവർത്തന റിപ്പോർട്ടുകൾ, പ്രോഗ്രസ് റിപ്പോർട്ടുകൾ എന്നിവയിൽ ഏതെങ്കിലും **ഒന്നെങ്കിലും** രേഖപ്പെടുത്താറുണ്ട്. അതിനാൽ വിലയിരുത്തൽ പൂർണ്ണമല്ല. | |
| e | സ്കൂളിലെ എല്ലാ കുട്ടികളെയും സ്റ്റുഡന്റ് പ്രൊഫൈലിംഗിന്റെ ഭാഗമാക്കിയിട്ടില്ല. | |

| | | |
|---|---|---|
| 2 | **കുട്ടിയുടെ പഠനപുരോഗതി വിലയിരുത്തൽ** | |
| a | കുട്ടികളുടെ പഠനപുരോഗതി നിരന്തരമായി വിലയിരുത്തി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട്. ഓരോ ഘട്ടത്തിലും കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്താറുണ്ട്. രക്ഷിതാക്കളെ അറിയിക്കാറുണ്ട്. എല്ലാ വിഷയങ്ങളിലും ഇത് ഉറപ്പു വരുത്തിയിട്ടുണ്ട്. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും മുന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പ്രത്യേക പ്രവർത്തനപദ്ധതി നടപ്പിലാക്കാറുണ്ട്. | |
| b | കുട്ടികളുടെ പഠനപുരോഗതി നിരന്തരമായി വിലയിരുത്തി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട്. ഓരോ ഘട്ടത്തിലും കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ നേടി യെന്ന് ഉറപ്പുവരുത്താറുണ്ട്. ഇത് **അഞ്ചിൽ** കൂടുതൽ വിഷയങ്ങളിൽ കൃത്യമായി നടക്കുന്നു. രക്ഷിതാക്കളെ അറിയിക്കാറുണ്ട്. | |
| c | കുട്ടികളുടെ പഠനപുരോഗതി നിരന്തരമായി വിലയിരുത്തി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താറുണ്ട്. ഓരോ ഘട്ടത്തിലും കുട്ടികൾ നേടേണ്ട പഠനനേട്ടങ്ങൾ നേടി യെന്ന് ഉറപ്പുവരുത്താറുണ്ട്. ഇത് **രണ്ടിൽ** കൂടുതൽ വിഷയങ്ങളിൽ കൃത്യമായി നടക്കുന്നു. രക്ഷിതാക്കളെ അറിയിക്കാറുണ്ട്. | |
| d | കുട്ടികളുടെ പഠനപുരോഗതി നിരന്തരമായി വിലയിരുത്താറുണ്ടെങ്കിലും അവരെ ഉയർത്തി ക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി സംഘടിപ്പിക്കാനായിട്ടില്ല. ചെയ്ത കാര്യങ്ങൾ രക്ഷിതാക്കളെ അറിയിക്കാറുണ്ട്. | |
| e | കുട്ടികളുടെ പഠനപുരോഗതി നിരന്തരമായി വിലയിരുത്താറുണ്ട്. വിവരം ഭാഗികമായി രക്ഷിതാക്കളെ അറിയിക്കാറുണ്ട്. | |
| 3 | **വൈകാരികവും ഭൗതികവുമായ സുരക്ഷിതത്വം എല്ലാവർക്കുമുള്ള പരിഗണന** | |
| a | കുട്ടികൾക്ക് വൈകാരികമായ സുരക്ഷിതത്വബോധം നൽകാൻ ആവശ്യമായ കൗൺസിലിങ്ങ് സംവിധാനം ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്കൂളിൽ ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. | ☐ |
| b | ഭൗതിക അന്തരീക്ഷം സുരക്ഷിതമാണ്. ഭിന്ന ശേഷി കുട്ടികൾക്ക് റാമ്പ് ഉൾപ്പെടെ ഒരുക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ സൂക്ഷിച്ചിട്ടുണ്ട്. | ☐ |
| c | ദുരന്തനിവാരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രായോഗിക ധാരണ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ സൂക്ഷിച്ചിട്ടുണ്ട്. | ☐ |
| d | വിവേചനങ്ങളില്ലാതെ എല്ലാവിഭാഗം കുട്ടികളെയും ഉൾക്കൊള്ളാൻ വിദ്യാലയത്തിനാകുന്നുണ്ട്. | ☐ |
| e | മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളെല്ലാം എല്ലാ കുട്ടികളിലും എത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. | ☐ |

പഠനപുരോഗതി വിലയിരുത്തൽ, പന്തുണ ഇതുമായി ബന്ധപ്പെടുത്തി നടത്തിയ തനതു പ്രവർത്തനങ്ങൾ ഇവിടെ രേഖപ്പെടുത്താം.

| |
|---|
| |

## V. സ്കൂളിലെ ഐസിടി അനുബന്ധ പ്രവർത്തനങ്ങൾ

| No | Item | |
|---|---|---|
| 1 | ലിറ്റിൽ കൈറ്റ്സ് (യൂണിറ്റ് ഇല്ലെങ്കിൽ ഇതിലെ ഒരു ഓപ്ഷനും സെലക്ട് ചെയ്യരുത്) | |
| a | സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഉണ്ട് | ☐ |
| b | സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ ഒന്നെങ്കിലും A ഗ്രേഡ് നേടിയിട്ടുണ്ട് | ☐ |
| c | സ്റ്റേറ്റ് ക്യാമ്പിൽ അല്ലെങ്കിൽ ജില്ലാ ക്യമ്പിൽ സ്കൂളിൽ നിന്നും പങ്കാളിത്തമുണ്ട് | ☐ |
| d | തനതു പ്രവർത്തനങ്ങൾ നടത്തി ഡോക്യുമെന്റ് ചെയ്തിട്ടുണ്ട് | ☐ |
| e | യൂണിറ്റിലെ എല്ലാ കുട്ടികളും A ഗ്രേഡ് നേടിയിട്ടുണ്ട്. | ☐ |
| 2 | മറ്റ് ഐസിടി അനുബന്ധ പ്രവർത്തനങ്ങൾ (ആവശ്യമായത് മാത്രം ടിക്ക് ചെയ്യുക) | |
| a | സ്കൂൾ വിക്കി പേജിൽ പ്രാധമിക വിവരങ്ങൾക്കു പുറമെയുള്ള മറ്റു വിവരങ്ങളും നൽകി പരിപാലിക്കുന്നുണ്ട്. | ☐ |
| b | സ്കൂൾ വിക്കിയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. | ☐ |
| c | സ്കൂളിൽ വാറണ്ടി പിരീഡിലുള്ളത് / AMC യിലുള്ളതായ ഒരു സിസ്റ്റം പോലും പ്രവർത്തിക്കാതെ ഇരിക്കുന്നില്ല. ഉണ്ടെങ്കിൽ Complaint രജിസ്റ്റർ ചെയ്തിട്ടുണ്ട്. രേഖകൾ കാണിക്കാൻ കഴിയും | ☐ |
| d | പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെ അത്രയും എണ്ണം റോബോട്ടിക് കിറ്റുകൾ സ്കൂളിലുണ്ട്. | ☐ |
| e | ഉപകരണങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. | ☐ |

പ്രത്യേക ശ്രദ്ധ നേടിയ ഐസിടി അനുബന്ധപ്രവർത്തനങ്ങൾ താഴെ രേഖപ്പെടുത്തുക.

| |
|---|
| |

## VI. സ്കൂൾ നേതൃത്വവും ഭരണവും

| No | Item | |
|---|---|---|
| 1 | **സ്കൂൾ മാസ്റ്റർ പ്ലാൻ (ആവശ്യമായത് മാത്രം ടിക്ക് ചെയ്യുക)** | |
| a | കൃത്യമായ കാഴ്ചപ്പാടോടെ സ്കൂൾ മാസ്റ്റർപ്ലാൻ തയാറാക്കിയിട്ടുണ്ട്. | ☐ |
| b | മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്ത കാര്യങ്ങൾ കാലാനുസൃതമയി നടപ്പിലാക്കാറുണ്ട്. സമഗ്രയിൽ പുരോഗതി രേഖപ്പെടുത്താറുണ്ട്. | ☐ |
| c | പ്രഥമാധ്യാപകർ മറ്റ് അധ്യാപകരുടെ ക്ലാസ്സുകളും പാഠാസൂത്രണ രേഖകളും ചട്ടങ്ങൾ പ്രകാരം മോണിറ്റർ ചെയ്ത് സമഗ്രയിൽ രേഖപ്പെടുത്താറുണ്ട്. | ☐ |
| d | പ്രഥമാധ്യാപകർ മോണിറ്ററിങ് റിപ്പോർട്ട് തയാറാക്കി, ആവശ്യമായ പ്രോത്സാഹനവും നിർദ്ദേശവും നൽകാറുണ്ട്. | ☐ |
| e | നവീനമായ ആശയങ്ങൾ കണ്ടെത്താനും പ്രയോഗിക്കാനും അവതരിപ്പിക്കാനും അധ്യാപകരെ പ്രോത്സാഹിപ്പിക്കാറുണ്ട്. ഇതിനുള്ള തെളിവ് കാണിക്കാൻ കഴിയും. | ☐ |
| 2 | **സ്കൂളും സമൂഹവും (ആവശ്യമായത് മാത്രം ടിക്ക് ചെയ്യുക)** | |
| a | സ്കൂളിന്റെ വികാസത്തിൽ പ്രാദേശിക സമൂഹത്തിന് അനുയോജ്യമായ ഉത്തരവാദിത്തം നൽകുന്നുണ്ട്. ആസൂത്രണത്തിലും നടത്തിപ്പിലും അർഹമായ സ്ഥാനം നൽകി പ്രാദേശിക സമൂഹവുമായുള്ള ബന്ധം നിലനിർത്തുന്നു. | ☐ |
| b | സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ സാമൂഹ്യ സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. | ☐ |
| c | സ്കൂളിലെ സ്കൗട്ട് & ഗൈഡ്സിന്റെ നേതൃത്വത്തിൽ സാമൂഹ്യ സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. | ☐ |
| d | സ്കൂളിലെ സ്റ്റുഡന്റ് പോലിസ് യൂണിറ്റിന്റെ നേതൃത്വത്തിൽ സാമൂഹ്യ സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. | ☐ |
| e | സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ സാമൂഹ്യ സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. | ☐ |

അധ്യാപകരുടെ തൊഴിൽ പരമായ വികാസം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ ഇവിടെ ചേർക്കാം. അധ്യാപകർ വികസിപ്പിച്ച നവീന ആശയങ്ങളും ഉൾപെടുത്താം.

| |
|---|
| |

## VII. വിജ്ഞാന സമൂഹം എന്ന നിലയിലുള്ള സ്കൂളിന്റെ പ്രവർത്തനങ്ങൾ

| No | Item | |
|---|---|---|
| 1 | **ഡിജിറ്റൽ ലിറ്ററസിയും ടെക്നോളജി ഇന്റഗ്രേഷനും (ആവശ്യമായത് മാത്രം ടിക്ക് ചെയ്യുക)** | |
| a | എല്ലാ കുട്ടികളും ലഭ്യമാക്കിയ ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടിയിട്ടുണ്ട്. | ☐ |
| b | പഠന പ്രവർത്തനങ്ങളിൽ ആധുനിക ടെക്നോളജികളുടെ ഉപയോഗം ഉൾചേർക്കപ്പെട്ടിട്ടുണ്ട്. (Technology Integration) | ☐ |
| c | **Knowledge Sharing & Collaboration:** നവ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സഹവർത്തിത - സംഘ പ്രവർത്തനങ്ങൾ (Collaborative Activities) നടത്തുന്നതിനും പങ്കു വയ്ക്കുന്നതിനുമുള്ള സാഹചര്യം സ്കൂളിലുണ്ട്. തെളിവുകൾ കാണിക്കാൻ കഴിയും. | ☐ |
| d | **Innovation & Creativity:** നൂതനമായ പ്രൊജക്ടുകൾ (Science, Robotics, arts-tech integration, Coding, etc.) നടത്തുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള സാഹചര്യങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. തെളിവുകൾ കാണിക്കാൻ കഴിയും. | ☐ |
| e | **Access & Inclusion:** ഡിജിറ്റൽ ഉപകരണങ്ങളുടെ ലഭ്യത എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തിയിട്ടു ണ്ട്. ഇതിനായി പ്രത്യേക പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിക്കാവുന്നതാണ്. | ☐ |

| 2 | Ethics, Responsibility and Awareness (ആവശ്യമായത് മാത്രം ടിക്ക് ചെയ്യുക) | |
|---|---|---|
| a | Ethics, Digital Responsibility & Awareness:<br>സുരക്ഷിതമായും ഉത്തരവാദിത്വത്തോടു കൂടിയും ടെക്നോളജി ഉപയോഗിക്കുന്നതിനുള്ള പരിശീലനം ടീച്ചർമാർക്കും ☐ കുട്ടികൾക്കും ☐ രക്ഷാകർതൃസമിതി അംഗങ്ങൾക്കും ☐ നൽകിയിട്ടുണ്ട്. | |
| b | Community & Lifelong Learning:<br>രക്ഷിതാക്കൾക്കും ☐ പരിസര വാസികൾക്കും ☐ വേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനങ്ങളും സംഘടിപ്പിക്കാറുണ്ട്. ബന്ധപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. | |

## VIII. അംഗീകാരങ്ങൾ

| No | Item | |
|---|---|---|
| 1 | **സ്കൂളിന് 2023, ജൂണിന് ശേഷം ലഭിച്ച അംഗീകാരങ്ങൾ ലിസ്റ്റ് ചെയ്യുക** (സംസ്ഥാന കലോത്സവം, കായികമേള, ശാസ്ത്രോത്സവം, ലിറ്റിൽ കൈറ്റ്സ്, NSS, SPC, സ്കൂൾ വിക്കി, കരിയർ ഗൈഡൻസ് തുടങ്ങിയവ). | |
| a | സംസ്ഥാന തലം ☐☐☐<br>(പരമാവധി മൂന്നെണ്ണം ടിക്ക് ചെയ്യാം) | |
| b | ജില്ലാ തലം ☐☐☐<br>(പരമാവധി മൂന്നെണ്ണം ടിക്ക് ചെയ്യാം) | |
| c | സബ്ജില്ലാ തലം ☐☐☐☐☐<br>(പരമാവധി അഞ്ചെണ്ണം ടിക്ക് ചെയ്യാം) | |
| 2 | **പൊതു പരീക്ഷയിലെ വിജയം (HSS)** | |
| a | 100% കുട്ടികൾ ഹയർസെക്കണ്ടറി പരീക്ഷയിൽ വിജയിച്ചു. | |
| b | 90 ശതമാനത്തിനു മുകളിൽ കുട്ടികൾ ഹയർസെക്കണ്ടറി പരീക്ഷയിൽ വിജയിച്ചു. | |
| c | 80 ശതമാനത്തിനു മുകളിൽ കുട്ടികൾ ഹയർസെക്കണ്ടറി പരീക്ഷയിൽ വിജയിച്ചു. | |
| d | 70 ശതമാനത്തിനു മുകളിൽ കുട്ടികൾ ഹയർസെക്കണ്ടറി പരീക്ഷയിൽ വിജയിച്ചു. | |
| e | 60 മുതൽ 70 ശതമാനം വരെകുട്ടികൾ ഹയർസെക്കണ്ടറി പരീക്ഷയിൽ വിജയിച്ചു. | |
| 2 | **പൊതു പരീക്ഷയിലെ വിജയം (SSLC)** | |
| a | 100% കുട്ടികൾ SSLC പരീക്ഷയിൽ വിജയിച്ചു. | |
| b | 90 ശതമാനത്തിനു മുകളിൽ കുട്ടികൾ SSLC പരീക്ഷയിൽ വിജയിച്ചു. | |
| c | 80 ശതമാനത്തിനു മുകളിൽ കുട്ടികൾ SSLC പരീക്ഷയിൽ വിജയിച്ചു. | |
| d | 70 ശതമാനത്തിനു മുകളിൽ കുട്ടികൾ SSLC പരീക്ഷയിൽ വിജയിച്ചു. | |
| e | 60 മുതൽ 70 ശതമാനം വരെകുട്ടികൾ SSLC പരീക്ഷയിൽ വിജയിച്ചു. | |
| 2 | **പൊതു പരീക്ഷയിലെ വിജയം (സ്കോളർഷിപ്പ് – LSS + USS)** | |
| a | 20 നു മുകളിൽ കുട്ടികൾ സ്കോളർഷിപ്പ് നേടി. | |
| b | 15 നു മുകളിൽ കുട്ടികൾ സ്കോളർഷിപ്പ് നേടി. | |
| c | 10 നു മുകളിൽ കുട്ടികൾ സ്കോളർഷിപ്പ് നേടി. | |
| d | 5 നു മുകളിൽ കുട്ടികൾ സ്കോളർഷിപ്പ് നേടി. | |
| e | 1 മുതൽ 4 വരെ കുട്ടികൾ സ്കോളർഷിപ്പ് നേടി. | |

## IX. സ്കൂളിന്റെ മേന്മകൾ – പ്രസന്റേഷൻ, വീഡിയോ

1. ഹരിതവിദ്യാലയം പ്രോഗ്രാമിൽ പങ്കെടുക്കുന്നതിനു തക്കതായ എന്തെല്ലാം മേന്മകളാണ് സ്കൂളിനുള്ളത്. **മുകളിൽ നൽകിയ വിവരങ്ങളെ അടിസ്ഥാനമാക്കി** ഒരു പ്രസന്റേഷൻ തയാറാക്കി അപ്ലോഡ് ചെയ്യുക.
   (പരമാവധി 25 സ്ലൈഡുകൾ)

   Upload the file to Google Drive and attach the link in the section below. Ensure that the link has public access.

2. സ്കൂൾതല പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള വീഡിയോ (3 മിനുട്ട്).

   വീഡിയോ തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
   - സ്കൂളുകൾ നടത്തിയ പ്രവർത്തനങ്ങൾ ബോധ്യമാകുന്ന തരത്തിൽ നിർദ്ദിഷ്ട മാതൃകയിലാണ് വീഡിയോ തയാറാക്കേണ്ടത്.
   - വീഡിയോയുടെ സമയദൈർഘ്യം പരമാവധി മൂന്ന് മിനുട്ടും Full HD (1920 x 1080) അല്ലെങ്കിൽ Half HD (1280 × 720) യിൽ mp4 ഫോർമാറ്റിലുമായിരിക്കണം
   - വീഡിയോയുടെ ഫയൽ നാമം schoolcode_2025.mp4 എന്ന മാതൃകയിലായിരിക്കണം. (ഉദാ:- 48064 എന്ന കോഡിലുള്ള സ്കൂളിന്റെ വീഡിയോ ഫയൽനാമം 48064_2025.mp4 എന്നായിരിക്കും)
   - വീഡിയോ തയാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾക്ക് .......... ലിങ്കിലുള്ള വീഡിയോ കാണുക.
   - Upload the file to Google Drive and attach the link in the section below. Ensure that the link has public access.

## X. സത്യ പ്രസ്താവന

ഈ ഡോക്യുമെന്റ് മുഴുവൻ വായിച്ചു. മേൽ പറഞ്ഞ കാര്യങ്ങളെല്ലാം എന്റെ അറിവിൽ ശരിയാണ്. ഇതിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ സ്കൂളിനെ ഡിസ് ക്വാളിഫൈ ചെയ്യാവുന്നതാണ്.

പ്രഥമാധ്യാപകൻ : പേരും ഒപ്പും

പി.ടി.എ പ്രതിനിധി : പേരും ഒപ്പും

കുട്ടികളുടെ പ്രതിനിധി : പേരും ഒപ്പും

---

**കുറിപ്പ്:**

- ചെക്ബോക്സ് നൽകിയ ഇനങ്ങളിൽ നിന്നും ഒന്നിൽ കൂടുതൽ ഓപ്ഷനുകൾ സെലക്ട് (ടിക്ക്) ചെയ്യാം. മറ്റുള്ളവയിൽ ഏറ്റവും അനുയോജ്യമായ ഒന്നുമാത്രം സെലക്ട് ചെയ്യുക.

കേരള ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)

പൂജപ്പുര, തിരുവനന്തപുരം - 12